ഉത്തരം

(എ) കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നശേഷം ഇതുവരെ 614 പേരെ കരുതൽ തടങ്കലിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമപ്രകാരം കസ്റ്റഡിയിൽ വയ്ക്കേണ്ടവരിൽ ഇനി 63 പേരെ പിടികിട്ടാനുണ്ട്.

(സി) കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം കരുതൽ തടങ്കലിൽ ആക്കപ്പെട്ടവരിൽ രണ്ടുപേർ നടപടി ക്രമങ്ങളിലുണ്ടായ അപാകതമൂലം ജയിൽ മോചിതരായിട്ടുണ്ട്.

സൈബർ കുറ്റകൃത്യങ്ങളുടെ നിയന്ത്രണം

10(215) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ പശ്ചാത്തലത്തിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന സൈബർ കുറ്റവാസന നിയന്ത്രിക്കുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ഓപ്പൺ ഫോറങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പത്ര മാധ്യമങ്ങളിലൂടെയും ദൃശ്യ മാധ്യമങ്ങളിലൂടെയും സ്കൂൾ കോളേജ് തലത്തിൽ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും സൈബർ നിയമത്തെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും സ്റ്റഡി ക്ലാസ്സുകൾ മുഖേന പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ കേസുകളുടെ വിശദാംശം

11(216) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട് : വിശദമാക്കുമോ ;

(ബി) മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് പോലീസ് സേനയിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം കേസുകളിൽ ഇതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പോലീസിന്റെ മനുഷ്യാവകാശ ലംഘനപരമായ നടപടികൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിവരംശേഖരിച്ചുവരുന്നു.

**പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ചത് സംബന്ധിച്ച കേസുകൾ**

12(217) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരെ കൃത്യനിർവ്വഹണത്തിൽ തടസ്സപ്പെടുത്തുക, ആക്രമിക്കുക എന്നിവയുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര സംഭവങ്ങളിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുമോ ;

(ഡി) പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട കേസുകളിൽ പ്രസ്തുത കാലയളവിൽ എത്ര കേസുകൾ പിൻവലിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**മദ്യപിച്ച് വാഹനമോടിച്ചതിനെതിരായ കേസുകൾ**

13(218) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 വർഷത്തിൽ മദ്യപിച്ച് വാഹനമോടിച്ചതുമായി ബന്ധപ്പെട്ട് എത്ര പെറ്റി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ എത്രതുക സർക്കാരിന് പിഴയായി ലഭിച്ചു; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly